Janayugom 24.12.17

# കാർഷിക സാങ്കേതികവിദ്യ സർവസാധാരണമാക്കണം: മന്ത്രി

തൃശൂർ: കേരളത്തിലെ കാർഷിക മേഖലയിലെ പ്രത്യേകത കണക്കിലെടുത്ത് സാങ്കേതിക വിദ്യയിൽ പുരോഗതി വേണമെന്നും കാർഷിക ഗവേഷണ കേന്ദ്രം അത്തരത്തിൽ കൂടുതലായി ശ്രമിക്കണമെന്നും കൃഷിവകുപ്പുമന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ പറഞ്ഞു. മണ്ണുത്തി കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണകേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും കാർഷിക ഗവേഷണ കേന്ദ്രം മുൻ ജീവനക്കാരെ ആദരിക്കലും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.



കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണകേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം കൃഷിവകുപ്പുമന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ നിർവഹിക്കുന്നു

കേരളം കൃഷിയുടെ കാര്യത്തിൽ വ്യത്യസ്തമാണ്. അതിനനുസൃതമായ സാങ്കേതികവിദ്യ അതുകൊണ്ടാവശ്യമാണ്. പുതിയ കാലഘട്ടത്തിനനുസരിച്ച് കാർഷിക ഗവേഷണകേന്ദ്രത്തിന് പ്രവർത്തിക്കാനാവുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. എല്ലാ രീതികളിലും കൃഷിയെ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയുമാണ് സർക്കാരിന്റെ ലക്ഷ്യം. കാലഘട്ടത്തിനനുസരിച്ച് പുതിയ യന്ത്രങ്ങൾ ഉപയോഗപ്പെടുത്താനും യുവാക്കളെ കൃഷിയിലേക്കടുപ്പിക്കാനും ഉദ്ദേശിക്കുന്നു. അതോടൊപ്പം സാമൂഹികമായ ഔന്നത്യം ഈ മേഖല നേടിയെടുക്കുവാനും ശ്രമിക്കുന്നതായി അദ്ദേഹം വ്യക്തമാക്കി.

ഇപ്പോൾ തന്നെ ഈ രംഗത്ത് ഏകോപനമുണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പദ്ധതി തയ്യാറാക്കി നൽകിയാൽ 2018 ജനുവരിയിൽ പ്രവർത്തനം ആരംഭിക്കാനാവും. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രമായിരിക്കും അതിനു നേതൃത്വം നൽകുകയെന്നും അദ്ദേഹം പറഞ്ഞു. തൃശൂരിലെ കോൾ മേഖലയിലെ ഉൽപ്പാദനക്ഷമത കൂട്ടുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതിനാവശ്യമായ സൗകര്യങ്ങൾ ഗവേഷണ കേന്ദ്രം ഒരുക്കേണം. കേരളം ആവശ്യപ്പെടുന്നവിധത്തിൽ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കൃഷിയുമായി ബന്ധപ്പെട്ട നാനാമേഖലയിലും എത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. അഡ്വ കെ. രാജൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു.

ശതാബ്ദി കവാട ശിലാഫലകത്തിന്റെ അനാച്ഛാദനം സി.എൻ ജയദേവൻ എം.പി. നിർവഹിച്ചു. റിമോട്ട് കൺട്രോൾ, പവർ ടില്ലർ, കേരസുരക്ഷ തെങ്ങുകയറ്റ യന്ത്രം, ഭക്ഷ്യ സുരക്ഷാസേന ഡയറക്ടറി പ്രകാശനം, ഭിന്നശേഷിക്കാർക്കുള്ള ബ്രഷ്കട്ടറിന്റെ പ്രവർത്തനോദ്ഘാടനം കൗൺസിലർ അഡ്വ.എ.എസ് മാധവൻ നിർവഹിച്ചു. കാർഷിക ഗവേഷണ കേന്ദ്രം മേധാവി ഡോ എ.ലത, ഗവേഷണ വിഭാഗം ഡയറക്ടർ ഡോ പി. ഇന്ദിരാദേവി, റിസർച്ച് അസോസിയേറ്റ് ഡയറക്ടർ ഡോ.സി നാരായൺകുട്ടി എന്നിവർ സംസാരിച്ചു.